**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3171** **26-06-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വിമാനത്താവളം-മാനന്തവാടി റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളം-മാനന്തവാടി റോഡിന്റെ അലൈൻമെന്റ് പൂർണമായും നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത അലൈൻമെന്റ് സംബന്ധിച്ച് ലഭിച്ച പരാതികൾക്ക് പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | എയർപോർട്ട് കണക്ടിവിറ്റി റോഡ് 3 – മാനന്തവാടി ബോയ്സ് ടൗൺ പേരാവൂർ ശിവപുരം മട്ടന്നൂർ റോഡ്പ്രവൃത്തിക്ക് 30.10.2017 തീയതിയിൽ തത്വത്തിൽ ഭരണാനുമതിയും 25.04.2023 തീയതിയിൽ കിഫ്ബിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള 964.72 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ അലൈൻമെന്റ് പൂർണമായും നിശ്ചയിച്ചിട്ടുണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് സ്ഥല പരിശോധന നടത്തുകയും പരിഹരിക്കാവുന്ന പരാതികൾക്ക് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുള്ളതും, പരാതിക്കാർക്ക് കൃത്യമായ മറുപടികൾ നല്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത റോഡിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇല്ലെങ്കിൽ സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | റോഡിനു സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ഫോം അടങ്ങുന്ന അപേക്ഷ 07-07-2022-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. 01-10-2022 തീയ്യതിയിൽ 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയതിനെ തുടർന്ന് റവന്യൂ വിഭാഗവുമായി സംയുക്ത പരിശോധന ആരംഭിച്ചു. സംയുക്ത പരിശോധന 2024 ജൂൺ രണ്ടാം വാരത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. 4(1) നോട്ടിഫിക്കേഷന് മുന്നോടിയായുള്ള രേഖകൾ റവന്യൂ ഡിപ്പാർട്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. 2024 ജൂൺ അവസാന വാരത്തോടെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതാണെന്നു റവന്യൂ ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ